സ്പോർട്സ് കൗൺസിൽ ഫണ്ട് എന്നിവ വിനിയോഗിച്ച് സ്റ്റേഡിയങ്ങൾ ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴയിൽ ഒരു ഓപ്പൺ സ്റ്റേഡിയം നിർമ്മിക്കുന്നതിനും കാസർകോഡ് ജില്ലയിൽ ഒരു മുനിസിപ്പൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്.

(ഡി) ഉണ്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും, എറണാകുളം ജില്ലയിലെ ഒരു സ്റ്റേഡിയത്തിലും.

സംസ്ഥാനത്തെ സ്റ്റേഡിയങ്ങൾ

122 (2573) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ :
ശ്രീ. എൻ. രാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്റ്റേഡിയങ്ങൾ ഉണ്ട് ; ഇവയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ളവ എത്ര ; അവ ഏതെല്ലാം ;

(ബി) സ്റ്റേഡിയങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; ഇതിൽ എം.എൽ.എ., എം.പി. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നവ എത്ര ?

ഉത്തരം

(എ) 47 ഓപ്പൺ സ്റ്റേഡിയങ്ങൾ ഉണ്ട്. ഇവയിൽ താഴെപ്പറയുന്ന രണ്ടെണ്ണം അന്താരാഷ്ട്ര നിലവാരത്തിലുള്ളവയാണ്.

1. ജവഹർലാൽ നെഹ്റു ഇന്റർ നാഷണൽ സ്റ്റേഡിയം, കല്ലൂർ, കൊച്ചി
2. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്

(ബി) സംസ്ഥാനത്തെ എല്ലാ സ്റ്റേഡിയങ്ങളും സർക്കാരിന്റെ ഉടമസ്ഥതയിലല്ല. നിലവാരം മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും നിർദ്ദേശം ലഭിക്കുന്നതനുസരിച്ച് സാധ്യമായ കാര്യങ്ങൾ സർക്കാരും സ്പോർട്സ് കൗൺസിലും ചെയ്തുവരുന്നു.

(സി) ഉണ്ട്. ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്റ്റേഡിയം എന്ന അനുപാതത്തിൽ ഇവയെല്ലാം എം.എൽ.എ., എം.പി. ഫണ്ടുപയോഗിച്ച് നിർമ്മിക്കാനാണുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly